15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 538 | 11-06-2024 - ൽ മറുപടിയ്ക്ക്

സാമൂഹ്യ സുരക്ഷാ സെസ് വഴി പിരിഞ്ഞു കിട്ടിയ തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 മുതൽ നാളിതുവരെ മദ്യത്തിനും, പെട്രോൾ, ഡീസൽ എന്നിവയ്ക്കും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതു വഴി പിരിഞ്ഞു കിട്ടിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | 2023 ലെ കേരള ധനകാര്യ നിയമ പ്രകാരം, മദ്യത്തിനും, പെട്രോൾ, ഡീസൽ എന്നിവയ്ക്കും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതു വഴി 2023-24, 2024-25 (2024 മേയ് 31 വരെ) സാമ്പത്തിക വർഷങ്ങളിൽ പിരിഞ്ഞു കിട്ടിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിൽ എത്ര തുക സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട് എന്നറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ പ്രധാന കർത്തവ്യം നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യസുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ (2235-60-102-89 (NPV)) വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. നിലവിൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് ചെലവഴിക്കുന്നത്. 2023-24 സാമ്പത്തിക വർഷം 6100 കോടി രൂപയും, 2024-25 സാമ്പത്തിക വർഷം നാളിതു വരെ 2000 കോടി രൂപയും ടി ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് നിലവിൽ എത്ര മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശികയുണ്ട്; വിശദാംശം നൽകുമോ? | (സി) | നിലവിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും 2024 മാർച്ച് മാസത്തിലും, 2024 ഏപ്രിൽ മാസത്തിലും, 2024 മെയ് മാസത്തിലും കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. കുടുത്ത |

| | | | |
|---|---|---|---|
| | | | സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിനുള്ള അശ്രാന്ത പരിശ്രമമാണ് സർക്കാർ നടത്തുന്നത്. 2024-25 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതുപോലെ 2024 ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നമ്പർ | സെസ്സ് ഇനം തിരിച്ച് | സെസ്സ് ഇനത്തിൽ ലഭിച്ച തുക (തുക കോടിയിൽ) | |
|---|---|---|---|
| | | 2023-24* | 2024-25* (2024 മേയ് 31 വരെ) |
| 1. | ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിൽ ചുമത്തപ്പെടുന്ന സാമൂഹ്യ സുരക്ഷാ സെസ് (ഫിനാൻസ് ആക്ട് - 2023 പ്രകാരം) | 217.13 | 36.74 |
| 2. | പെട്രോളിയം ഉൽപ്പന്നങ്ങളിൽ ചുമത്തപ്പെടുന്ന സാമൂഹ്യ സുരക്ഷാ സെസ് (ഫിനാൻസ് ആക്ട്- 2023 പ്രകാരം) | 954.32 | 96.61 |
| | **ആകെ** | **1171.45** | **133.35** |

* Provisional

**സെക്ഷൻ ഓഫീസർ**